**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2141** **01.02.2018**- ൽ മറുപടിയ്ക്ക്

## ധ്വനി പദ്ധതി

ചോദ്യം | മറുപടി

ശ്രീ.എൻ.എ.നെല്ലിക്കുന്ന്.

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ധ്വനി എന്ന പേരിൽ സർക്കാർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ധ്വനി എന്ന പേരിൽ സർക്കാർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.<br>1) ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളായിരിക്കണം.<br>2) 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.<br>3) കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | താഴെയായിരിക്കണം. 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനം ഉള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കുന്ന പക്ഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസസർ വാങ്ങി നൽകുന്നതാണ്.<br>4 കേരളത്തിലുള്ള കുട്ടികളായിരിക്കണം.<br>5 കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച ശേഷം സംസാര ശേഷി ലഭ്യമായ കുട്ടികളായിരിക്കണം. നിലവിൽ ഉപയോഗിക്കുന്ന സ്പീച്ച് പ്രോസസർ നന്നായി സൂക്ഷിച്ചവരായിരിക്കണം.<br>6 ബന്ധപ്പെട്ട ആശുപത്രികളിലെ വിദഗ്ധർ കുട്ടികളെ സ്പീച്ച് പ്രോസസർ അപ്ഗ്രേഡേഷനായി ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം.<br>7 ധ്വനി പദ്ധതിയെപ്പറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം. |
| (സി) | ഈ പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്; ഇതിനകം അനുവദിച്ച തുക എത്രയാണ്; | (സി) | നിലവിൽ ഈ പദ്ധതി പ്രകാരം 2,49,900/-രൂപ (രണ്ടു ലക്ഷത്തി നാല്പത്തിയൊൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം) വിലയുള്ള സ്പീച്ച് പ്രോസസറാണ് പദ്ധതിയിൻ കീഴിൽ വാങ്ങുന്നത്. 22.12.2017 ന് കൂടിയ ശ്രുതിതരംഗം പദ്ധതി പ്രകാരമുള്ള സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി 55 കുട്ടികളെ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ടി 55 കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനായി |

| | | | |
|---|---|---|---|
| | | | 1,37,44,500/-രൂപ ആവശ്യമായി വരുന്നതാണ്. നാളിതുവരെ ടി പദ്ധതിയ്ക്കായി ഒരു തുകയും ചെലവഴിച്ചിട്ടില്ല. |
| (ഡി) | കാതോരം, അനുയാത്ര പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | **<u>കാതോരം</u>:-** ശ്രവണ സംബന്ധമായ വൈകല്യങ്ങൾ ജനിക്കുന്ന ദിവസം തന്നെ കുഞ്ഞിന്റെ കേൾവി ശക്തി സ്ക്രീനിംഗിലൂടെ കണ്ടെത്താനും ഇത്തരം വൈകല്യങ്ങൾ ഒരു വലിയ അളവ് വരെ ചികിൽസയിലൂടെയും തെറാപ്പികളിലൂടെയും മാറ്റിയെടുക്കാനും കഴിയും. എത്രയും നേരത്തെ കണ്ടെത്താൻ കഴിയുന്നോ അത്രത്തോളം ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാനാവും എന്നതാണ് ഏറ്റവും പ്രസക്തം. ജനനസമയത്ത് തന്നെ കുഞ്ഞുങ്ങളുടെ കേൾവി പരിശോധനയിൽ തുടങ്ങി, വിവിധ ഘട്ടങ്ങളിലായി അനുയോജ്യമായ ഇടപെടലുകൾ നടത്തി കുട്ടി സ്കൂളിൽ പോകുന്നതിന് മുമ്പ് കേൾവി സംബന്ധമായ വൈകല്യം പരമാവധി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുയാത്രയുടെ ഭാഗമായി 'കാതോരം ' എന്ന പദ്ധതിയ്ക്ക് രൂപം നൽകി ആരംഭിച്ചിട്ടുള്ളത്.<br>കേൾവി സംബന്ധമായ വൈകല്യങ്ങളെ ജീവചക്ര സമീപനത്തിലൂടെ പരിഹരിക്കാനാണ് 'കാതോരം ' ലക്ഷ്യമിടുന്നത്. ഇതിനായി ഒരു കുഞ്ഞ് ജനിച്ചാൽ ഒന്നാം മാസം മുതൽ 42-ാം മാസം വരെയുള്ള സമയത്ത് 1,3,6,18,42 മാസങ്ങളിൽ അഞ്ച് തലങ്ങളിൽ അനുയോജ്യമായ ഇടപെടലുകൾ നടത്തുക എന്ന സമീപനമാണ് 'കാതോരം'ത്തിലൂടെ അവലംബിക്കുന്നത്.<br><br>**<u>അനുയാത്ര:</u>** അംഗപരിമിതർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി |

| | | | |
|---|---|---|---|
| | | | 'അനുയാത്ര 'യിലൂടെ 20 ഉപ പരിപാടികൾ സംസ്ഥാന ഗവണ്മെന്റ് 2016 ജൂൺ മാസം മുതൽ നടപ്പാക്കി വരികയാണ്. സാമൂഹ്യനീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള "**സമഗ്ര ജീവിത ചക്ര സമീപനമാണ്** " അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്. |
| (ഇ) | വിവിധ രോഗങ്ങളാൽ വിഷമിക്കുന്ന കുട്ടികൾ, മുതിർന്നവർ, ഭിന്നശേഷി-യുള്ളവർ തുടങ്ങിയവരെ സഹായിക്കാനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഈ പദ്ധതികൾ മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഇത് ലഭിക്കാനവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെ-യാണെന്നും വ്യക്തമാക്കാമോ? | (ഇ) | വിവിധ രോഗങ്ങളാൽ വിഷമിയ്ക്കുന്ന മുതിർന്നവരെ സഹായിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് വയോമൃതം എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ടി പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് നേരിട്ട് തന്നെ ലഭിക്കുന്നു. പദ്ധതിയ്ക്കായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല.<br>വിവിധ രോഗങ്ങളാൽ വിഷമിയ്ക്കുന്ന കുട്ടികൾ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവരെ സഹായിക്കാനായി കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ 2015 ലെ ജെ.ജെ.ആക്ട് പ്രകാരം ബാലനിധി രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## 1. ആശ്വാസകിരണം പദ്ധതി :

ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും, ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'. പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

അപേക്ഷാ ഫോറം സാമൂഹ്യസുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

## 2. ക്യാൻസർ സുരക്ഷ :

18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടി വരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാ മിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ , ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

## 3. താലോലം :

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽപാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് വഹിക്കുന്നു. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായവർക്കും ചികിത്സാചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാ മിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ , ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും

## 4. ശ്രുതിതരംഗം – കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി :

0–5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും,

തുടർച്ചയായ ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചര ലക്ഷം രൂപ വരെ ചെലവ് ചെയ്ത് നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം രണ്ട് ലക്ഷം രൂപ വരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ ആശുപത്രി തെരഞ്ഞെടുക്കുന്നവർ സർജറി ചാർജ് സ്വന്തമായി വഹിക്കേണ്ടതാണ്.

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ധരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റിലും, ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റിലും, സുരക്ഷാ മിഷന്റെ ഓഫീസിലും ലഭ്യമാണ്.

## 5. വയോമിത്രം പദ്ധതി

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകി കൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. ആദ്യഘട്ടമെന്ന നിലയിൽ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനുവേിയുള്ള വിവിധ പരിപാടികളും വയോജനക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്. ചുവടെ പറയുന്ന ആനുകൂല്യങ്ങൾ വയോമിത്രം പദ്ധതികളിലൂടെ ലഭ്യമാണ്.

1. 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, കൗൺസിലിംഗും, വൈദ്യസഹായവും, മരുന്നും സൗജന്യമായി നൽകുന്നു.
2. കിടപ്പു രോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു.
3. ആശുപത്രികളിൽ വയോജനങ്ങളെ കൊു പോകുന്നതിനും, തിരിച്ചു കൊ് പോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.
4. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ചുവടെ പറയുന്ന ഹെൽപ്പ് ഡെസ്ക്കുകളും പ്രവർത്തിക്കുന്നു.

**<u>വയോമിത്രം ഹെൽപ്പ് ഡെസ്ക്കുകൾ</u>**

| | | |
|---|---|---|
| **തിരുവനന്തപുരം** | – | **9349788889** |
| **നെയ്യാറ്റിൻകര** | – | **9388788887** |
| **ആറ്റിങ്ങൽ** | – | **9072307403** |
| **വർക്കല** | – | **9387588889** |
| **കൊല്ലം** | – | **9387588889** |

| | | |
|---|---|---|
| കരുനാഗപ്പള്ളി | – | 9645006393 |
| പുനലൂർ | – | 9072574654 |
| പത്തനംതിട്ട | – | 9349488889 |
| അടൂർ | – | 9645760071 |
| ആലപ്പുഴ | – | 9387288889 |
| കായംകുളം | – | 9072574654 |
| ചേർത്തല | – | 9645005042 |
| കോട്ടയം | – | 9349588889 |
| വൈക്കം | – | 9072302568 |
| പാല | – | 8943257775 |
| ഈരാറ്റുപേട്ട | – | 8943257775 |
| ഏറ്റുമാനൂർ | – | 9349588889 |
| തൊടുപുഴ | – | 9387388889 |
| കട്ടപ്പന | – | 9387388889 |
| എറണാകുളം | – | 9349388887 |
| കോതമംഗലം | – | 9645206562 |
| പെരുമ്പാവൂർ | – | 9072302502 |
| അങ്കമാലി | – | 9645205434 |
| ഏലൂർ | – | 9072574655 |
| മൂവാറ്റുപുഴ | – | 9645206562 |
| കൂത്താട്ടുകുളം | – | 9072302502 |
| നോർത്ത് പരവൂർ | – | 9349388887 |
| മരട് | – | 9645082992 |
| തൃശ്ശൂർ | – | 9349188887 |
| ചാവക്കാട് | – | 9645005043 |
| ചാലക്കുടി | – | 9645710012 |
| പാലക്കാട് | – | 9387118889 |
| ചിറ്റൂർ–തത്തമംഗലം | – | 9072574656 |
| ഷൊർണ്ണൂർ | – | 9645006293 |
| പട്ടാമ്പി | – | 7034029295 |
| മലപ്പുറം | – | 9387558889 |
| നിലമ്പൂർ | – | 8589013556 |
| മഞ്ചേരി | – | 9645800992 |
| തിരൂർ | – | 8589005435 |
| തിരൂരങ്ങാടി | – | 9645628008 |

| | | |
|---|---|---|
| കോട്ടയ്ക്കൽ | – | 9645628008 |
| വയനാട് | – | 9387388887 |
| കോഴിക്കോട് | – | 9349668889 |
| വടകര | – | 9645083632 |
| കൊയിലാി | – | 8589025435 |
| കണ്ണൂർ | – | 9349338889 |
| മട്ടന്നൂർ | – | 9645005014 |
| പയ്യന്നൂർ | – | 7034021747 |
| തലശ്ശേരി | – | 7034021747 |
| കൂത്തുപറമ്പ | – | 9072310100 |
| പാനൂർ | – | 9072574339 |
| കാസർഗോഡ് | – | 9387088887 |
| നീലേശ്വരം | – | 9072574341 |

## 6.വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി :

വിഭിന്നശേഷിയുള്ളവർക്ക് കേന്ദ്ര – സംസ്ഥാന സർക്കാരുകളിൽ നിന്നും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരികരേഖയായി തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും ടി രേഖ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തത്സമയം ടി രേഖകൾ ഗുണഭോക്താക്കൾക്ക് നൽകി വരുന്നു.

ടി ക്യാമ്പിൽ പങ്കെടുക്കുന്നതിന് നിശ്ചിതഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ക്യാമ്പിന്റെ സ്ഥലവും തീയതിയും അപേക്ഷകരെ യഥാസമയം തപാൽ മാർഗ്ഗം അറിയിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധമായ ഫീസും ഈടാക്കാതെ മെഡിക്കൽ പരിശോധന നടത്തി ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് നൽകുന്നു. ഇത്തരം ക്യാമ്പിൽ പങ്കെടുക്കുന്ന വിഭിന്നശേഷിയുള്ളവർക്കും എസ്കോർട്ടിനും സൗജന്യമായി ഭക്ഷണവും നൽകി വരുന്നു. 2009 ഡിസംബർ മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംഘടിപ്പിച്ച ഇത്തരം ക്യാമ്പുകളിലൂടെ 3,00,000 പേർക്ക് ടി രേഖകൾ നൽകിയിട്ടുണ്ട്.

മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാവുന്നതാണ്.

1. മെഡിക്ക ൽ സർട്ടിഫിക്കറ്റ് (ഒറിജിനൽ) /അറ്റസ്റ്റഡ് കോപ്പി
2. പാസ്പോർട്ട് സൈസ് ഫോട്ടോ–1
3. റേഷൻകാർഡിന്റെ കോപ്പി
4. ഒരു വെള്ളക്കടലാസിൽ വിരലടയാളം

## 7.എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ

### (എ). സ്നേഹസാന്ത്വനം പദ്ധതി :

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 4738 പേർക്ക് പ്രതിമാസം പെൻഷൻ നൽകുന്നു. ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം നൽകി വരുന്നു. സ്നേഹസാന്ത്വനം പദ്ധതിയിലൂടെ പ്രതിമാസം 65 ലക്ഷത്തോളം രൂപ സുരക്ഷാ മിഷൻ നൽകുന്നു.

### (ബി). എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 1 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചു വരുന്നു.

| | |
|---|---|
| ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക് | - 2000/-രൂപ |
| 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | - 2000/- രൂപ |
| 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | - 3000/- രൂപ |
| +1,+2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | - 4000/- രൂപ |

### (സി). സ്പെഷ്യൽ ആശ്വാസകിരണം

എൻഡോസൾഫാൻ ദുരിതബാധിതരായി കിടപ്പിലായവരെയും കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവരെയും പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.

## 8.സമാശ്വാസം പദ്ധതി I :

വൃക്കയ്ക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

**അനുവദിക്കുന്ന ധനസഹായം :-**

പ്രതിമാസം 1100/- രൂപ നിരക്കിൽ

**മാനദണ്ഡങ്ങൾ :-**

1. ബി.പി.എൽ വിഭാഗത്തിൽപെടുന്നുവെന്ന് തെളിയിക്കുന്ന ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള

സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. ടി സർട്ടിഫിക്കറ്റിൽ ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്.

3. അപേക്ഷകന്റെപേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേതാണ്.
4. ആധാർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.

അപേക്ഷാഫോറം, ഐ.സി.ഡി.എസ്പ്രോജക്ട് ആഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷഫോറം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

## 9.സമാശ്വാസം II.

വൃക്ക/കരൾ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിക്കുന്നു. 1 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്.

**അനുവദിക്കുന്ന ധനസഹായം :-**

പ്രതിമാസം 1000/- രൂപ നിരക്കിൽ

**മാനദണ്ഡങ്ങൾ :**

1. വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് വൃക്ക/കരൾ രോഗ വിദഗ്ദ്ധൻ നൽകുന്ന സർട്ടിഫിക്കറ്റ്
2. വൃക്ക/കരൾ മാറ്റി വയ്ക്ക ൽ ശസ്ത്രക്രിയയ്ക്ക് ശേഷം ബന്ധപ്പെട്ട ആശുപത്രികൾ നൽകുന്ന ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. കുടുംബവാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.
4. അപേക്ഷകന്റെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗിന്റെ പാസ്സ്ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേതാണ്.

   അപേക്ഷാഫോറം, ഐ.സി.ഡി.എസ്പ്രോജക്ട് ആഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ മുഴുവൻ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശസഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

## 10.സമാശ്വാസം III :

രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവു മൂലം ഹീമോഫീലിയായും അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി ബാധകമാക്കാതെയാണ് ധനസഹായം അനുവദിക്കുന്നത്.

ഹീമോഫീലിയരോഗിയാണെന്ന് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ / ആലുവ ജില്ലാ ആശുപത്രിയിലെ/പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെഡിസിൻ/ പീഡിയാട്രിക്/ഹെമറ്റോളജി വിഭാഗങ്ങളിലെ ഏതെങ്കിലും ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. ടി സർട്ടിഫിക്കറ്റിൽ വകുപ്പ് തലവനോ ആശുപത്രി സൂപ്രണ്ടോ മേലൊപ്പിട്ടിരിക്കേണ്ടതാണ്. നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് ലഭിക്കുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് നൽകേതാണ്. നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.

അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്.

## 11.സമാശ്വാസം IV

സംസ്ഥാനത്തെ അരിവാൾ രോഗം ബാധിച്ച നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികളാണ് പദ്ധതി ഗുണഭോക്താക്കൾ.

**അർഹത**

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
- അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- (HBAS) Sickel cell trair cases ന് ചികിത്സ ആവശ്യമില്ല. അതിനാൽ അത്തരം കേസുകളെ ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ഈ പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ.

**അനുവദിയ്ക്കുന്ന ധനസഹായം**

- പ്രതിമാസം 2000/- രൂപ നിരക്കിലുള്ള ധനസഹായം

**ധനസഹായത്തിനുള്ള നടപടിക്രമങ്ങൾ**

- അപേക്ഷയോടൊപ്പം കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗം വകുപ്പ് തല മേധാവിയുടെയോ, അദ്ദേഹം ചുമതലപ്പെടുത്തിയ ഡോക്ടറുടെയോ സർട്ടിഫിക്കറ്റ് നൽകണം.
- വില്ലേജ് ഓഫീസർ നൽകുന്ന ജാതിസർട്ടിഫിക്കറ്റ് നൽകണം.
- ബി.പി.എൽ റേഷൻകാർഡിന്റെ ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി.
- അപേക്ഷകന്റെ പേരിൽ കോർ ബാങ്കിംഗ് സൗകര്യമുള്ള നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, അഡ്രസ്സ് എന്നിവ ഉൾപ്പെട്ട പേജിന്റെ പകർപ്പ് നൽകണം.
- അപേക്ഷകന്റെ ആധാറിന്റെ പകർപ്പ്.

**അപേക്ഷ ലഭിക്കുന്ന സ്ഥലങ്ങൾ**

- സാമൂഹ്യ സുരക്ഷാ മിഷന്റെ ആഫീസ്
- സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്
- ജില്ലാ സാമൂഹ്യ നീതി ആഫീസുകൾ
- സുരക്ഷാ മിഷന്റെ വയോമിത്രം പ്രോജക്ട് ആഫീസുകൾ

**അപേക്ഷ നൽകേണ്ട ആഫീസ്**

- നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## 12. WE-CARE :

സഹായമർഹിക്കുന്ന കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സഹായവും നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷനിലൂടെ WE-CARE എന്ന ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിക്കുന്നു. വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, എന്നിവയിൽ നിന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള വിഭവ സമാഹരണം നടത്തുകയും ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ജീവകാരുണ്യ

പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുകയെന്നതാണ് WE-CARE ലൂടെ ലക്ഷ്യമിടുന്നത്.

WE-CARE VOLUNTEER CORPS- ശാരീരിക - മാനസിക അധിദുരിതമനുഭവിക്കുന്നവരുടെ ജീവിക്കാനുള്ള അവകാശം ഉറപ്പാക്കേണ്ട ഉത്തരവാദിത്വം പരിഷ്കൃതസമൂഹത്തിന്റെ ചുമതലയാണ്. ശാരീരിക- മാനസിക അവശതകളും വേദനകളും മറന്ന് ജീവിതം സംഘർഷരഹിതമായി മുന്നോട്ട് നീക്കാൻ സഹായിക്കേത് പ്രസ്തുത വ്യക്തികളെ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ കൂടി ചുമതലയാണ്. ഇക്കാര്യത്തിലും ജനകീയ മാതൃകകൾ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിനായി നിരവധി കൂട്ടായ്മകൾ പ്രാദേശികമായി രൂപപ്പെട്ടിട്ടുണ്ട. ഇതിൽ എടുത്തു പറയാവുന്ന ഒന്നാണ് കേരളത്തിലെ പാലിയേറ്റീവ് പ്രസ്ഥാനം. സാധാരണ ജനങ്ങളും, ഡോക്ടർമാരും, മറ്റ് ആരോഗ്യപ്രവർത്തകരും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരുടെയും കൂട്ടായ്മയിലൂടെ ശയ്യാവലംബരായി ജീവിതദുരിതമനുഭവിക്കുന്നവർക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്ന തരത്തിലാണ് വി-കെയർ വോളന്റിയർ കോർപ്സ് സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. സർക്കാർ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനാ സംവിധാനങ്ങൾ, സന്നദ്ധ സേവകരായ വ്യക്തികൾ തുടങ്ങി എല്ലാവിഭാഗങ്ങളേയും കോർത്തിണക്കി ഒരു സാമൂഹ്യാധിഷ്ടിത പരിചരണ സേവന ശൃംഖലക്ക് രൂപം നൽകാൻ നമുക്ക് കഴിയണം. ഈ ലക്ഷ്യത്തോടെയാണ് സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിലുള്ള സാമൂഹ്യ സുരക്ഷാ മിഷൻ വി-കെയർ എന്ന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.

## 13.'മിഠായി'

(ടൈപ്പ് 1) പ്രമേഹരോഗം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2017-18 ൽ ആരംഭിക്കുന്ന സമഗ്ര പദ്ധതിയാണ് മിഠായി. ടി പദ്ധതിയിൽ Continuous glucose monitoring, insulin therapy, ആവശ്യമുള്ളവർക്ക് ഇൻസുലിൻ പമ്പ് എന്നിവ നൽകുകയും കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത് പദ്ധതിയാണ് മിഠായി. ഇതിന്റെ ഭാഗമായി രോഗബാധിതരായ കുട്ടികളുടെ രജിസ്ട്രി തയ്യാറാക്കുന്ന നടപടികൾ നടന്നു വരികയാണ്. ആദ്യ ഘട്ടത്തിൽ രജിസ്ട്രർ ചെയ്യുന്ന 300 കുട്ടികളെയാണ് ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. ടി പദ്ധതി വഴി ടൈപ്പ് 1 പ്രമേഹം ബാധിച്ച 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുന്നതിനും തുടർ നടപടികൾക്കും ഒരു സോഫ്റ്റ് വെയർ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഉടൻ തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.

ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഭിന്നശേഷികളുടെ ആഘാതം ലഘൂകരിക്കുന്നതിനും വേണ്ട ഇടപെടലുകളാണ് നിലവിൽ SID വഴി നടപ്പാക്കുന്ന പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങളിലൂടെ ബന്ധപ്പെട്ട അംഗപരിമിതികൾ ഉള്ള എല്ലാവർക്കും സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

1. **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കും.

2. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

3. **കാതോരം**

കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായ സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കും. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കും. 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾ NISH, NIPMR, മെഡിക്കൽ കോളേജുകൾ എന്നിവയിലൂടെ ലഭ്യമാക്കി കുഞ്ഞുങ്ങളുടെ ശ്രവണ വൈകല്യം ഒഴിവാക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്.

4. **പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചുരുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലും, മാന ന്തവാടി താലൂക്ക് ആശുപത്രിയിലും ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി നടപടികൾ ആരംഭിച്ചിട്ടുണ്ട്

5. **ഹെൽപ്പ് ഡെസ്ക്**

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ഫയൽ ഫോളോ അപ് ഉൾപ്പെടെയുളള ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമുളള സംവിധാനമായി പ്രവർത്തിക്കുന്നതിനുംവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതാണ്. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഇതേ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുളള ഹെൽപ്പ് ഡെസ്കിലൂടെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഈ സേവനം ലഭ്യമാണ്.

6. **പ്രോജക്ട് ഓട്ടിസം**

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്.

7. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28000 ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉണ്ടെന്നാണ് കണക്ക്. 1000 കുട്ടികൾക്ക് 1 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28 സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇവ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ട ന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവി ടങ്ങളിൽ MCRC കൾ ആരംഭിക്കാനുളള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

9. **അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ നടപ്പാക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുളള സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുളള ഒരു ലക്ഷം പേരുടെ ഗുണഭോക്തൃവിഹിതമായ 3.57 കോടി രൂപ ഇത് നട പ്പാക്കുന്ന ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയ്ക്ക് കേരള സർക്കാർ അടച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ

നിന്നുമുള്ള ആനുപാതിക വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഇവരെ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതാണ്.

10. **അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (UniqueID for Persons with Disabilities-UDID) നൽകുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതാണ് ഇതിനുള്ള അപേക്ഷാഫാറങ്ങൾ എല്ലാ അങ്കണവാടികളിലും ലഭ്യമാക്കിയിട്ടുണ്ട്.

11. **Student Initiative in Community Rehabilitation**

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി **Student Initiativein Community Rehabilitation** എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ ഒരു പദ്ധതി നടപ്പാക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതാണ്

12. **പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ**

**(Injury Related Disability Prevention and Management)**

നമ്മുടെ സംസ്ഥാനത്ത് 47 % ദീർഘകാല അംഗപരിമിതികളും വിവിധതരം അപകടങ്ങൾ, വീഴ്ച്ചകൾ തുടങ്ങിയവ മൂലമുണ്ടാകുന്ന പരിക്കുകൾ കാരണമാണ് സംഭവിക്കുന്നത്. സമയബന്ധിതമായി അനുയോജ്യമായ ശാസ്ത്രീയ പരിചരണങ്ങൾ ശ്രദ്ധാപൂർവ്വം നൽകുന്നതിലൂടെ (ട്രോമാ കെയർ) ഈ അവസ്ഥ ഒരു വലിയ അളവിൽ കുറയ്ക്കാൻ കഴിയും. സംസ്ഥാനത്താകമാനം ഈ സേവനം ലഭ്യമാക്കുന്നതിനായി ഒരു ട്രോമാ കെയർ സംവിധാനം അനുയാത്രയുടെ ഭാഗമായി ആരംഭിക്കുന്നതാണ്. ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർമാരും നേഴ്സുമാരും അടങ്ങുന്ന ടീമുകൾക്ക് പ്രായോഗിക പരിശീലനം നൽകി വരുന്നു.

13. **പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്:** ചലനവൈകല്യങ്ങൾ ഉള്ളവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക്. യൂണിറ്റ് തൃശൂരിലെ NIPMR ൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**അനുബന്ധം**

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

പൂജപ്പുര, തിരുവനന്തപുരം

**നടപ്പിലാക്കി വരുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ**

| | |
|---|---|
| 1 | അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ,വാക്കർ, ക്രച്ചസ്, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം |
| 2 | അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം. മാനദണ്ഡങ്ങൾക്കു വിധേയമായി. |
| 3 | സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി. |
| 4 | അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്ക്കൂട്ടറിൽ സൈഡ്‌വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി |
| 5 | നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ |
| 6 | സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി |
| 7 | ബി പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി |
| 8 | ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി |
| 9 | സ്വയം സഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കൽ |
| 10 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി - സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ |
| 11 | വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും |
| 12 | വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധ സദനം പരിപാലനം |
| 13. | കാഴ്ച വൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ് ലെറ്റ്/സ്മാർട്ട്ഫോൺ നൽകുന്ന പദ്ധതി. |
| 14 | 180 ഭിന്നശേഷിക്കാർക്ക് (2017 18 വർഷം) 25000/- രൂപവരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി. |
| 15 | 4 ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി |
| 16 | കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റിന് 2.7 കോടിയുടെ നവീകരണ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. |

1. **അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ,വാക്കർ, ക്രച്ചസ്, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മൂന്ന് വർഷത്തിലൊരി

ക്കലാണ് വൈകല്യമുള്ളവർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. വീൽചെയർ, മുന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി , ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ മുതലായവ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗുണഭോക്താക്കൾക്ക് 10000/-രൂപവരെയുള്ള ഉപകരണങ്ങളാണ് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രകാരം നൽകുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, വികലാംഗ സർട്ടിക്കിഫിക്കറ്റ് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

2. **<u>അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ടോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം. മാനദണ്ഢങ്ങൾക്കു വിധേയമായി.</u>**

വികലാംഗക്ഷേമ കോർപ്പറേഷൻ അംഗവൈകല്യമുള്ള പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട ഹൈടെക് ലിംബ്, ഇലക്ടോണിക് വീൽചെയറും, ഡിഗ്രി ലെവലിലോ അതിനു മുകളിലോ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലാപ്ടോപ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ) തുടങ്ങിയ ആധുനിക ഉപകരണ സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

നിബന്ധനകൾ

1. വാർഷിക വരുമാനം 100,000/-രൂപവരെ ഉള്ള ബി.പി.എൽ.വിഭാഗത്തിൽപ്പെട്ടവർക്ക്.(വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
2. പ്രായപരിധി 40 വയസ്സുവരെയുള്ളവർക്ക്

3. **<u>സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടർ വിതരണം മാനദണ്ഢങ്ങൾക്കു വിധേയമായി</u>**

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ്വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്ക്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

**<u>നിബന്ധനകൾ</u>**

- 18 വയസ്സിന് മുകളിൽ പ്രായം,
- 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.

- ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന. (എസ്.സി. വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്)

4. **<u>അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്ക്കൂട്ടറിൽ സൈഡ്വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.</u>**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നതിനായി വൈകല്യമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 10,000/- രൂപ സബ്സിഡിയായി നൽകുന്നു. നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% മോ അതിൽ കൂടുതലോ വൈകല്യമുണ്ടെന്നുള്ള മെഡിയ്ക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷൂർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, വില്ലേജാഫീസർ നൽകുന്ന വരുമാന സർക്കിഫിക്കറ്റ് എന്നിവ ഒരു ഗസറ്റഡ് ഓഫീസറെകൊണ്ട് സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

5. <u>നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ</u>

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നില്യയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള വിവിധ വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/- രൂപക്കു മുകളിൽ അനുവദിക്കുന്ന ലോണിന്റെ 5 ശതമാനം എസ്.സി.എ. എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. 50,000/- രൂപ വരെയുള്ള വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച / കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 5%, 4.5%, പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ് ) ആണ്. 50,000/- രൂപ മുതൽ 5 ലക്ഷം രൂപ വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച / കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 6%, 5.5%, പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ്) ആണ്. 5 ലക്ഷം മുതൽ 15 ലക്ഷം /- രൂപ വരെ വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച / കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 7%, 6.5%, പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ്) ആണ്. 15 ലക്ഷം മുതൽ 25 ലക്ഷം/- രൂപ വരെ വായ്പക്ക് ഓർത്തോ വിഭാഗം, കാഴ്ച /കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 8%, 7.5%,പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ് ) ആണ്. വായ്പ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 25,00,000/- രൂപവരെ വായ്പ നൽകുന്നതാണ്. എൻ.എച്ച്.എഫ്.ഡി.സി നോംസ് അനുസരിച്ചാണ് വിവിധ പദ്ധതികൾക്കുള്ള വായ്പാ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത്.

6. <u>സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)</u>

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ജി.ഒ.(ആർറ്റി) നമ്പർ: 44/12/എസ്ഡബ്ളിയൂഡി തീയതി 23-01-2012 പ്രകാരം ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫാറത്തോടൊപ്പം 40% മുകളിൽ അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, (ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത്) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

7. <u>ബി പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി</u>

എൻ.എച്.എഫ്.ഡി.സി. സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം ലോണെടുത്ത് തുടർച്ചയായി മൂന്നു വർഷമായി കുടിശ്ശിക വരുത്താതെ വായ്പ തിരിച്ചടച്ചിട്ടുള്ള ബി.പി.എൽ.വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ബാക്കി വായ്പ തുകയുടെ നിശ്ചിത ശതമാനം സബ്സിഡി നൽകുന്നതാണ്.

8. **തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി**

സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി) നമ്പർ 346/2012/എസ്ഡബ്ളിയുഡി തീയതി 30-07-2012 പ്രകാരം 12 വയസ് വരെ പ്രായമുള്ള, തികച്ചും വൈകല്യമുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

എ) ആൺകുട്ടികൾക്കും പെൺകുട്ടിക്കും 20,000/- രൂപ

ബി) യോഗ്യത :

1. ജന്മനാ 50 ശതമാനമോ അതിൽ കുടുതലോ വൈകല്യമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപയിൽ താഴെ.
3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

9. **സ്വയം സഹായ സംഘങ്ങളുടെ പരിപോഷണം.**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വികലാംഗരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാൻ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള 10,000/- രൂപ ധനസഹായം കോർപ്പറേഷൻ നല്കിവരുന്നു.

10. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി - സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ.**

കേരളത്തിലെ വികലാംഗരുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഒരു ബൃഹത് പദ്ധതിയാണ് എൻ.പി.ആർ.പി.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ദേശിയ വികലാംഗ പുനരധിവാസ പദ്ധതി. വികലാംഗരുടെ സമഗ്രമായ സർവ്വേ നടത്തിയശേഷം ആവശ്യാധിഷ്ഠിത പഠനം (Need Based Study) നടത്തി അംഗപരിമിതരുടെ പുനരധിവാസത്തിന് യഥാർത്ഥത്തിൽ ആവശ്യമായവ എന്താണെന്ന് കണ്ടെത്തി ആയവ ലഭ്യമാക്കുന്നതിനും അവരുടെ വാസസ്ഥാനത്തു അവർക്ക് സർവ്വതോന്മുഖമായ ക്ഷേമം ഉറപ്പു വരുത്തുന്നതിനാവശ്യമായ സൗജന്യ ചികിൽസ, വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന ഒരു സമ്പൂർണ്ണ പുനരധിവാസ പദ്ധതിയാണ് എൻ.പി.ആർ.പി.ഡി. കൊല്ലം, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 60 ലക്ഷം രൂപവീതം അനുവദിക്കുകയുണ്ടായി. ഈ ജില്ലകളിൽ ഇതു സംബന്ധിച്ച പ്രവർത്തനം ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലാ പഞ്ചായത്തുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ഒത്തുചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

11. **വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും.**

വികലാംഗർക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഉപകരണങ്ങളാണ് വിപണിയിൽ വരുന്നത്. എന്നാൽ ഈ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് പലർക്കും അറിവില്ല. ഉപകരണങ്ങളുടെ ഉപയോഗരീതിയെപ്പറ്റി വികലാംഗരെ ബോദ്ധ്യപ്പെടുത്തുന്നതിനായി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും വികലാംഗക്ഷേമ കോർപ്പറേഷൻ നടത്താനുദ്ദേശിക്കുന്നു.

12. **വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധ സദനം പരിപാലനം**

വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു വൃദ്ധസദനം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും സംയുക്തമായി പാറശ്ശാലയിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ ഇപ്പോൾ 25 അന്തേവാസികളാണ് ഉള്ളത്.

13. **കാഴ്ച വൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്‌ലെറ്റ്/സ്മാർട്ട്ഫോൺ നൽകുന്ന പദ്ധതി.**
14. **ഭിന്നശേഷിക്കാർക്ക് 25000/- രൂപവരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി.**

സ്വയം തൊഴിൽ കണ്ടെത്തുവാൻ ഈടോ, ജാമ്യമോ നൽകാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് 5% പലിശ നിരക്കിൽ 3 വർഷ കാലാവധിയിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 25000/- രൂപ വരെ ജാമ്യമില്ലാതെ വായ്പ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 18 വയസ്സ് തികഞ്ഞ ഭിന്നശേഷിക്കാർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. (വനിതകൾക്കും, 14 വയസ്സ് പൂർത്തിയായി കഴിഞ്ഞ മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്കും, വിധവകൾക്കും പ്രഥമ പരിഗണന).

15. **ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ നാല് ജില്ല/റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി**
16. **കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റിന് 2.7 കോടിയുടെ നവീകരണ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു.**